(ഇ) മരുതോങ്കര, കാവിലുംപാറ പഞ്ചായത്തുകളിലായി 9 റോഡുകളും 4 പാലങ്ങളും തകർന്നു. റോഡുകൾ തകർന്നതുമൂലം 52 ലക്ഷം രൂപയുടെയും, പാലങ്ങൾ തകർന്നതുമൂലം 29 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്.

(എഫ്) ഇവയുടെ പുനരുദ്ധാരണത്തിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ദുരിതബാധിതരെയും ഭീഷണി നേരിടുന്നവരെയും ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിച്ചു. ഭക്ഷണവും മറ്റ് സൗകര്യങ്ങളും നൽകിവരുന്നുണ്ട്. ക്യാമ്പുകളിൽ മെഡിക്കൽ ടീം സന്ദർശനം നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഇവരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തികളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് അർഹമായ സാമ്പത്തികസഹായം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും ഇത്തരം പ്രദേശങ്ങളെ കാണിക്കുന്ന ജില്ലയുടെ ഭൂപടം നിർമ്മിക്കാനുമുള്ള ഒരു ഗവേഷണപദ്ധതി ഭൗമശാസ്ത്രപഠനകേന്ദ്രം 2003-ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി 2006-ൽ പൂർത്തിയാകുന്നതോടെ ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങൾ ഈ ഭൂപടത്തിൽനിന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. നാദാപുരം പ്രദേശവും ഈ പഠനത്തിൽ ഉൾപ്പെടുന്നുണ്ട്.

സുനാമി കടൽക്ഷോഭത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

181 [2619] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി കടൽക്ഷോഭത്തെത്തുടർന്ന് ബേപ്പൂരിൽ എന്തെല്ലാം നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കാമോ;

(ബി) ഇവിടത്തെ ദുരിതബാധിതർക്ക് നഷ്ടപരിഹാരമോ മറ്റെന്തെങ്കിലും സഹായമോ നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്;

(സി) കേന്ദ്രസഹായപദ്ധതിയിൽ ബേപ്പൂർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) സുനാമിദുരന്തംമൂലം ബേപ്പൂരിൽ 10 യന്ത്രവൽക്കൃത ബോട്ടുകൾക്ക് 8,09,975 രൂപയുടെ നാശം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോട്ടുകൾക്ക് നാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകിയിട്ടില്ല. ബേപ്പൂർ പഞ്ചായത്തിൽ സുനാമിമൂലം വിഷമമനുഭവിച്ച കുടുംബങ്ങൾക്ക് 2 മാസം സൗജന്യറേഷൻ അനുവദിച്ചു.

(സി) ഇല്ല.

'ആലപ്പുഴ ജില്ലയിൽ സുനാമി ദുരന്തത്തെത്തുടർന്ന് ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക'

182 [2620] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിദുരന്തത്തെത്തുടർന്ന് ദുരിതാശ്വാസ പുനരധിവാസപ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സുനാമി ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ ഇതുവരെ 13,64,96,216 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ സുനാമി ദുരിതാശ്വാസത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വകുപ്പുതിരിച്ചുള്ള കണക്ക് താഴെ പറയുംപ്രകാരമാണ്:

1.	സിവിൽ സപ്ലൈസ്	2,02,53,157
2.	പൊതുമരാമത്ത്	1,95,68,842
3.	ആരോഗ്യവകുപ്പ്	32,00,000
4.	കൃഷി വകുപ്പ്	31,23,796
5.	വിദ്യാഭ്യാസ വകുപ്പ്	8,00,379
6.	റവന്യു വകുപ്പ്	5,76,97,042
7.	പോലീസ് വകുപ്പ്	1,00,000
8.	പബ്ലിക് റിലേഷൻസ്	10,000
9.	കേരള വാട്ടർ അതോറിറ്റി	66,25,000
10.	ഫിഷറീസ് വകുപ്പ്	2,51,18,000
	ആകെ	**13,64,96,216**

LIBRARY ARCHIVES Kerala Legislative Assembly